**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4368** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് സ്കീം പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണ്; ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ? | (എ) | ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് സ്കീം പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 310 സംരംഭങ്ങൾക്ക് സീഡ് ക്യാപിറ്റൽ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 363 സംരംഭങ്ങൾക്ക് ലോൺ അനുവദിച്ച നൽകിയിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് സ്കീമിന്റെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 1,47,06,250/- (ഒരു കോടി നാൽപത്തിയേഴ് ലക്ഷത്തി ആറായിരത്തി ഇരുന്നൂറ്റി അൻപത്) രൂപ സീഡ് ക്യാപിറ്റൽ ധനസഹായമായി കുടുംബശ്രീ മിഷൻ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 1,03,82,242/- (ഒരു കോടി മൂന്ന് ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഇരുന്നൂറ്റി നാൽപത്തി രണ്ട്) രൂപ സബ്സിഡി വിഹിതമായി നൽകിയിട്ടുമുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ (MoFPI) നിർദ്ദേശാനുസരണമാണ് സംസ്ഥാനവിഹിതം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ